ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ 24 ഓൺ ലൈൻ റിസർവ്വേഷൻ കൗണ്ടറുകൾ വഴി മുൻകൂർ ഓൺലൈൻ റിസർവ്വേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ യാത്രക്കാർക്ക് ഓൺലൈൻ സംവിധാനം വഴി www.ksrtconline.com എന്ന വെബ് സൈറ്റ് മുഖേന ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഇന്റർനെറ്റ് ബാങ്കിംഗ് മുഖേന ടിക്കറ്റ് മുൻകൂർ ബുക്ക് ചെയ്യാനുള്ള സൗകര്യം ലഭ്യമാണ്.

കൂടാതെ ഇ-ടെണ്ടറിംഗ് സംവിധാനം, ബയോമെട്രിക് പഞ്ചിംഗ് സംവിധാനം, ജീവനക്കാരുടെ ശമ്പളവും പെൻഷനും ബാങ്കുവഴി നൽകുന്നതിനുള്ള സംവിധാനം, ജി.പി.ആർ.എസ്. സംവിധാനമുള്ള ഇ.ടി.എമ്മുകൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

ജി.പി.എസ്. സംവിധാനം ഉപയോഗിച്ച് വാഹനങ്ങൾ നിരീക്ഷിക്കുന്നതിനായി എല്ലാ ബസുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രം KELTRON-മായി ഒപ്പിട്ടു. ആദ്യഘട്ടമായി കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരം സെൻട്രൽ, തിരുവനന്തപുരം സിറ്റി യൂണിറ്റുകളിലെ 217 ബസുകളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തി പ്രവർത്തനം നിരീക്ഷിച്ചു വരുന്നു. പൊതുജനങ്ങൾക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്മാർട്ട് കാർഡുപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചു വരുന്നു.

കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ നിയമലംഘനം

301 (3813) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള ട്രാഫിക് നിയമങ്ങൾ എല്ലാംതന്നെ കെ.എസ്.ആർ.ടി.സി യുടെ ബസ്സുകൾക്കും മറ്റ് വാഹനങ്ങൾക്കും ബാധകമാണോ;

(ബി) ഈ നിയമങ്ങളിൽനിന്ന് കെ.എസ്.ആർ.ടി.സി യുടെയോ കെ.യു.ആർ.ടി.സി.-യുടെയോ ഏതെങ്കിലും വാഹനങ്ങളെ ഒഴിവാക്കിയിട്ടുണ്ടോ;

(സി) 2014 മാർച്ച് മുതൽ നാളിതുവരെയായി കെ.എസ്.ആർ.ടി.സി.-യുടെ വാഹനങ്ങൾ ട്രാഫിക് നിയമലംഘനങ്ങൾ നടത്തിയതിന് ആകെ എന്ത് തുക പിഴയായി ഈടാക്കിയിട്ടുണ്ട്;

(ഡി) ട്രാഫിക് നിയമലംഘനം നടത്തുന്നത് ജീവനക്കാരായതിനാൽ പിഴ ഇവരിൽ നിന്ന് ഈടാക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ?

GPM. 2/235/2020-48

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബാധകമാണ്.

(ബി) ഒഴിവാക്കിയിട്ടില്ല.

(സി) 2,24,500 രൂപ.

(ഡി) ഈടാക്കാറുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ ആനുവൽ അഡ്ജിനിസ്ട്രേഷൻ റിപ്പോർട്ട്

302 (3814) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഏത് വർഷം വരെയുള്ള ആനുവൽ അഡ്ജിനിസ്ട്രേഷൻ റിപ്പോർട്ട് ആണ് സഭയ്ക്ക് സമർപ്പിച്ച് അംഗീകാരം നേടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ട് അവസാനമായി സഭ അംഗീകരിച്ചതിന് ശേഷം എത്ര രൂപയാണ് സർക്കാർ ലഭ്യമാവിൽനിന്ന് കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇത് എന്ത് അടിസ്ഥാനത്തിലാണ് നൽകിയത് എന്നു കൂടി വ്യക്തമാക്കുമോ;

(സി) പ്രസ്തുത റിപ്പോർട്ട് നൽകാൻ വീഴ്ച വരുത്തിയിട്ടുള്ളത് ഏതൊക്കെ വർഷങ്ങളിലാണ്; ഇതിൽ കാരണക്കാർ ആരൊക്കെ എന്ന് കണ്ടെത്തി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

കെ.എസ്.ആർ.ടി.സി.യുടെ ഭരണ റിപ്പോർട്ട്

303 (3815) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഭരണ റിപ്പോർട്ട് വളരെ വർഷങ്ങളായി യഥാസമയം നിയമസഭയിൽ സമർപ്പിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതു വർഷത്തെ ഭരണ റിപ്പോർട്ടാണ് പ്രസ്തുത സ്ഥാപനം ഏറ്റവും ഒടുവിലായി നിയമസഭയുടെ മുൻപാകെ സമർപ്പിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly